മലയാള മനോരമ

# അബർഡീനിൽ യെൽദോ മാർ ബസേലിയോസിന്റെ ഓർമപ്പെരുനാൾ

അബർഡീൻ: കോതമംഗലം ചെറിയപള്ളിയിൽ കബറടക്കിയിരിക്കുന്ന യെൽദോ മാർ ബസേലിയോസ് ബാവയുടെ 324–ാം ദുക്റോനോ പെരുനാൾ അബർഡീൻ സെന്റ് ജോർജ് സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ ആഘോഷിക്കുന്നു. ഒക്ടോബർ 20ന് അബർഡീൻ മാസ്ട്രിക് ഡ്രൈവിലുള്ള സെന്റ് ക്ലെമന്റ്സ് എപ്പിസ്കോപ്പൽ പള്ളിയിൽ വച്ചാണ് പരിപാടി. രാവിലെ 11.45 നു പ്രഭാത നമസ്കാരവും തുടർന്നു ഫാ. പുന്നുസ് ജേക്കബിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും പ്രത്യേക മധ്യസ്ഥ പ്രാർഥനയും ആശീർവാദം, കൈമുത്ത്, നേർച്ച എന്നിവ ഉണ്ടായിരിക്കും.